സുരക്ഷയിലെ ഉത്തമപ്രവൃത്തികൾ എങ്ങനെ ഫലവത്തായി നടപ്പാക്കാം എന്ന ഉദ്ദേശത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങുക, കൺസൾട്ടൻസി സർവ്വീസ്, സിവിൽ വർക്സ് തുടങ്ങിയവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ട്രോമാകെയർ യൂണിറ്റിനാവശ്യമായ ഉപകരണങ്ങൾ ലോകബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വാങ്ങുവാനുള്ള അംഗീകാരം കെ.എസ്.ടി.പി.-യുടെ സ്റ്റിയറിംഗ് കമ്മിറ്റി ലഭ്യമാക്കിയിട്ടുണ്ട്. തുടർന്ന് ലോകബാങ്കിന്റെ എൻ.ഒ.സി. ലഭിക്കുന്നതിനായി അയയ്ക്കുകയുണ്ടായി. ഈ പദ്ധതി വിദഗ്ധരായ റോഡ് സുരക്ഷ കൺസൾട്ടന്റ് മുഖേന നടപ്പാക്കാനുള്ളതിനാൽ പ്രസ്തുത കൺസൾട്ടന്റിന്റെ നിർദ്ദേശം അനുസരിച്ച് തീരുമാനമെടുക്കാം എന്ന് ലോകബാങ്ക് കെ.എസ്.ടി.പി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ പദ്ധതിയുടെ സിവിൽ വർക്കിന്റെയും റോഡ് സുരക്ഷാ വർക്കിന്റെയും എസ്റ്റിമേറ്റ് തയ്യാറാക്കി ലോകബാങ്കിന്റെ എൻ.ഒ.സി. ലഭിക്കുന്നതിനായി അയച്ചിട്ടുണ്ട്. എൻ.ഒ.സി. ലഭിക്കുന്ന മുറയ്ക്ക് ടെൻണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. സിവിൽ വർക്കും, റോഡ് സുരക്ഷാ വർക്കും പൂർത്തീകരിച്ചതിനുശേഷം മാത്രമേ മറ്റ് തൽപ്പര വകുപ്പുകളുമായി ചേർന്നുള്ള മാതൃകാ സുരക്ഷാ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയുള്ളൂ. ഈ പദ്ധതിക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ഉക റോഡ് സുരക്ഷാ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് റോഡപകടങ്ങളിൽപ്പെടുന്നവരുടെ ജീവൻ രക്ഷിക്കാൻ ഉതകും വിധത്തിൽ അനുയോജ്യമായ പദ്ധതികൾക്കായി എങ്ങനെ വിനിയോഗിക്കാം എന്ന് വിദഗ്ധരായ കൺസൾട്ടന്റുകൾ നിർദ്ദേശിക്കുന്ന പ്രകാരം വിനിയോഗിക്കുന്നതാണ്.

റോഡ് നിർമ്മാണം

236(1305) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011 മേയ്മാസം മുതൽ നാളിതുവരെ മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പൊതുമരാമത്ത് റോഡ് നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി; ഓരോ പ്രവർത്തിയുടെയും അടങ്കൽതുക എത്ര; ഓരോപ്രവർത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly